**അടിയന്തരപ്രമേയ നോട്ടീസ്**

യൂണിവേഴ്സിറ്റി പരീക്ഷകളുടെ വിശ്വാസ്യത

മി. സ്പീക്കർ: റൂൾ 50 പ്രകാരം ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകളിൽ അനധികൃതമായി അദാലത്തുകൾ നടത്തി പരീക്ഷയിൽ തോറ്റ വിദ്യാർത്ഥികൾക്ക് മാർക്ക് ദാനം നടത്തിയത് സംബന്ധിച്ച വിഷയത്തെക്കുറിച്ച് ശ്രീ. റോജി എം. ജോണും മൂന്ന് അംഗങ്ങളും ചേർന്ന് നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസിൽ പരാമർശിച്ചിരിക്കുന്ന വിഷയം പലതവണ സഭയിൽ ചർച്ച ചെയ്തതാണ്. അടിയന്തരപ്രമേയമായിട്ടും ഉന്നയിച്ചിട്ടുള്ളതാണ്. 16-ാം സമ്മേളനത്തിലും ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ഇതൊരു അടിയന്തര പ്രാധാന്യമുള്ള വിഷയമായി ചെയറിന് തോന്നുന്നില്ല. മാത്രവുമല്ല ചാൻസലർ സർക്കാരിന് നൽകിയ റിപ്പോർട്ട് പൂർണ്ണമായും അവഗണിച്ച സർക്കാർ നടപടിയെപ്പറ്റി ചർച്ച ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അപ്രകാരമൊരു റിപ്പോർട്ട് ഇതുവരെ ഗവൺമെന്റിന് ലഭ്യമായിട്ടില്ലെന്നാണ് കാണുന്നത്. അതിനാൽ ഇക്കാര്യത്തിൽ അടിയന്തര പ്രമേയത്തിന് യാതൊരു സാധ്യതയുമില്ലെന്ന് ചെയർ കാണുന്നു. ഈ വിഷയം വളരെ

പ്രധാനപ്പെട്ടതാണെന്ന ആവശ്യം അംഗത്തിനുണ്ടെങ്കിൽ പ്രതിപക്ഷത്തിന്റെ ആവശ്യം അംഗീകരിച്ചുകൊണ്ട് സബ്മിഷൻ അനുവദിക്കാവുന്നതാണ്. ..... (ബഹളം).... അടിയന്തരപ്രാധാന്യമുൾപ്പെടുന്ന ചട്ടത്തിൽ ഇത് വരുന്നില്ല. ദയവായി....പ്ലീസ്... .....(ബഹളം)....

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത് അടിയന്തര പ്രാധാന്യമുള്ള ഒരു വിഷയം തന്നെയാണ്, ഇത് സമീപകാലത്തുണ്ടായ സംഭവമാണ്. യൂണിവേഴ്സിറ്റിയുടെ ചാൻസലറായ ഗവർണ്ണർ എടുത്ത ഒരു തീരുമാനമാണ്. അദാലത്ത് നടത്താനും മാർക്ക്ദാനം നടത്താനും കുട്ടികളെ അനധികൃതമായി വിജയിപ്പിക്കാനും സംസ്ഥാന ഗവൺമെന്റ് എടുത്തിട്ടുള്ള നടപടിയെ ഗവർണ്ണർ അതിശക്തമായി വിമർശിച്ചുകൊണ്ട് ഉത്തരവിറക്കിയിരിക്കുകയാണ്. അത് വളരെ ഗൗരവമുള്ള ഒരു കാര്യമാണ്.

മി. സ്പീക്കർ: ചെയറിന് ഒരു നോട്ടീസ് ലഭിക്കുമ്പോൾ സ്വാഭാവികമായും അതിനെക്കുറിച്ച് അന്വേഷിക്കും. എന്നാൽ സർക്കാരിന് അങ്ങനെയൊരു റിപ്പോർട്ട് ലഭിച്ചതായി കാണുന്നില്ല.

ശ്രീ. രമേശ് ചെന്നിത്തല: അത് മന്ത്രിയാണ് പറയേണ്ടത്; സർക്കാരാണ് പറയേണ്ടത്. അല്ലാതെ അങ്ങാണോ പറയേണ്ടത്?

മി. സ്പീക്കർ: അങ്ങനെ ലഭിച്ചതായി കാണുന്നില്ല. ഒരു പ്രമേയത്തിന് നോട്ടീസ് ലഭിക്കുമ്പോൾ അതിനെക്കുറിച്ച് അന്വേഷിക്കുമല്ലോ; എന്ത് എഴുതിനൽകിയാലും അത് സഭയിൽ അനുവദിക്കുമെന്നാണോ കരുതിയിട്ടുള്ളത്....(ബഹളം)......... (പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു) അടിയന്തര പ്രാധാന്യമുള്ള ഒരു വിഷയം ഇതിൽ കാണുന്നില്ല. ദയവായി അങ്ങ് മനസ്സിലാക്കുക.....(ബഹളം)..... പ്ലീസ്, പ്ലീസ്......, പ്രതിപക്ഷത്തിന് ഏത് വിഷയവും കൊണ്ടുവരാം, പുതിയ വിഷയം കൊണ്ടുവരാം, അടിയന്തരപ്രാധാന്യമുള്ള വിഷയങ്ങളെല്ലാം കൊണ്ടുവരാം. ഒരു പ്രമേയത്തിന് നോട്ടീസ് ലഭിച്ചാൽ ആ നോട്ടീസിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് സർക്കാരിനോട് അന്വേഷിക്കുകയും സർക്കാരിന്റെ അഭിപ്രായം ആരായുകയും ചെയ്യുക പതിവാണ്. അതൊരു പുതിയ കാര്യമല്ല. പ്ലീസ്, പ്ലീസ്..... (ബഹളം)..... നിങ്ങൾ ഇങ്ങനെ വാശിപിടിക്കരുത്. അദ്ദേഹത്തിന് ഇത്

സബ്മിഷനായി അവതരിപ്പിക്കാം. അടിയന്തരപ്രമേയത്തിന്റെ പരിധിയിൽ വരുന്നില്ല എന്നുമാത്രമേ ഞാൻ പറഞ്ഞുള്ളൂ. ദയവായി മനസ്സിലാക്കണം. മാസങ്ങളോളമായ ഒരു വിഷയം സഭയിൽ രണ്ടോ മൂന്നോ തവണ ചർച്ച ചെയ്തതിനുശേഷവും അത് അടിയന്തര പ്രാധാന്യമുള്ള ഒരു വിഷയമായി വരുന്നില്ല. അത് സബ്മിഷനായി കൊണ്ടുവരാൻ അദ്ദേഹത്തിന് അനുവാദം നൽകാം, പ്രതിപക്ഷ നേതാവ് മനസ്സിലാക്കണം. പ്ലീസ്, പ്ലീസ്......., ഇത് ശരിയല്ല.

(സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)